**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 387** **09.02.2016-ൽ മറുപടിയ്ക്ക്**

# വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കലും കേബിൾ ടി. വി. ഓപ്പറേറ്റർമാരുടെ ചൂഷണവും.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തലസ്ഥാനത്ത് മണക്കാട് എം. എൽ. എ. റോഡിൽ ബലവാൻ നഗർ, ഗംഗാനഗർ പ്രദേശത്ത് കെ. എസ്. ഇ. ബി. യുടെ വൈദ്യുത പോസ്റ്റുകൾ സ്വകാര്യ ടി. വി. ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആകെ എത്ര പോസ്റ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട് ; | (എ) ഉണ്ട്. മണക്കാട് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന എം.എൽ.എ റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് 34 വൈദ്യുത പോസ്റ്റുകൾ റിലയൻസ്, ഏഷ്യനെറ്റ്, സിറ്റി കേബിൾ എന്നീ ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഓരോ പുതിയ കണക്ഷൻ വരുമ്പോഴും ഇത്തരക്കാർ പുതിയതായി കെ. എസ്. ഇ. ബി വക പോസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നത് കണക്കിൽ വകയിരുത്താറുണ്ടോ ; | ബി) ഉണ്ട്. |
| (സി) പോസ്റ്റുകൾ റോഡുവശത്തും (പി. ഡബ്ള്യൂ.ഡി കോർപ്പറേഷൻ, ഹൈവേ) കുറുകേയും കേബിൾ ലൈൻ വലിക്കുന്നതിന് ചാർജ്ജിനത്തിൽ എത്ര തുക പ്രസ്തുത സ്ഥാപനം കെ.എസ്. ഇ. ബി യ്ക്ക് അടയ്ക്കുന്നുണ്ട് ; ഇത്തരക്കാർ വാർഷിക ഇനത്തിലാണോ ഗവൺമെന്റിന് ചാർജ്ജുകൾ അടയ്ക്കേണ്ടി വരുന്നത് ; | സി) അർബൻ/സെമി അർബൻ പ്രദേശത്ത് പോസ്റ്റ് ഒന്നിന് 305/- രൂപ നിരക്കിലും മറ്റ് പ്രദേശങ്ങളിൽ പോസ്റ്റ് ഒന്നിന് 153/- രൂപ നിരക്കിലും വാർഷിക വാടക ഇനത്തിൽ മുൻകൂറായി ഈടാക്കുന്നു. റിലയൻസ് 4 ജി സർവ്വീസിന്റെ വാടക, പോസ്റ്റ് ഒന്നിന് 360/- രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിൽ ലൈൻ വലിക്കുന്നതുമായോ മറ്റേതെങ്കിലും വകയിലോ കെ. എസ്. ഇ. ബി.യ്ക്കോ ഗവൺമെന്റിനോ ലഭിക്കേണ്ട തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ്/കുറവ് ഇത്തരക്കാർക്ക് ചെയ്ത് കൊടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഇല്ല |
| (ഇ) | ഇത്തരം സ്വകാര്യ കേബിൾ ടി. വി. ഓപ്പറേറ്റർമാർ റേറ്റിന്റെ കാര്യത്തിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയും എന്നാൽ ഗവൺമെന്റിൽ നിന്ന് എല്ലാ രീതിയിലും ഇളവ് വാങ്ങിച്ചെടുക്കുകയും ചെയ്യുന്നത് തടയാൻ നടപടി എടുക്കുമോ ? | (ഇ) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.